## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *481 18.05.2017- ൽ മറുപടിക്ക്**

**"ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി''**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, റോജി എം. ജോൺ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.എസ്.ശിവകുമാർ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ജില്ലാവ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങ ളാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദ മാക്കുമോ; | എ) | അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും നെറ്റ് വർക്കിംഗ് നടത്തുകയും കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്കിംഗ് പദ്ധതി (KSWAN) നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിലൂടെ ജില്ലാ ഓഫീസുകളിൽ KSWAN സൗകര്യം, ടെലഫോൺ, കണക്ടിവിറ്റി, യു.പി.എസ് പവർ എന്നിവ ഉറപ്പാക്കുന്നു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ക്രിയാത്മകമായ മാറ്റം വരുത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ മുഖേന സംരംഭകർക്ക് കൂടുതൽ സേവനങ്ങൾ ഉറപ്പുവരുത്തുന്നു. |
| ബി) | ഓഫീസ് സംവിധാനമുൾപ്പെടെ യുള്ള കാര്യങ്ങളിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | ബി) | നിലവിലെ ഓഫീസ് സംവിധാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) വ്യവസായ സംബന്ധമായ വിവരങ്ങൾ നൽകുന്നതിനും വ്യവസായ സംരംഭങ്ങൾ നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.<br>2) വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും, ഇവർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും ലക്ഷ്യമിട്ട് കേരള എം.എസ്.എം.ഇ ജിയോ പോർട്ടൽ-വ്യവസായ |

| | | | |
|---|---|---|---|
| | | | ജാലകം-പദ്ധതി നടപ്പിലാക്കിവരുന്നു.<br>3) വകുപ്പിൽ നടപ്പിലാക്കി വരുന്നതും സമീപഭാവിയിൽ നടപ്പിലാക്കാൻ പോകുന്നതുമായ ഓൺലൈൻ പദ്ധതികളായ ഇ.എസ്.എസ്, ഇ-ഓഫീസ്, മറ്റ് സോഫ്റ്റ് വെയറുകൾ, വീഡിയോ കോൺഫറൻസിംഗ് എന്നിവയുടെ നടത്തിപ്പിന് അടിസ്ഥാന സൗകര്യം ഉറപ്പാക്കുവാൻ ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്കിംഗ് (KSWAN) പദ്ധതി നടപ്പിലാക്കി.<br>4) കാലോചിതമായ മാറ്റങ്ങൾ ലഭ്യമാക്കി പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി വകുപ്പിന്റെ വെബ്സൈറ്റ് പൂർണ്ണമായും നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br>5) വ്യവസായ വകുപ്പിന്റെ കീഴിലുള്ള 2500 ഓളം ഏക്കർ വ്യവസായ ഭൂമി ചെറുകിട സംരംഭകർക്കായി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിന്റെ ഭാഗമായി ലാന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിവരുന്നു.<br>6) സംരംഭകർക്ക് വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.<br>7) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി വ്യവസായ വകുപ്പിലെ എല്ലാ ഇലക്ട്രോണിക് അസെറ്റുകളും സോഫ്റ്റ് വയർ മുഖേന ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| സി) | പുതിയ സംരംഭങ്ങൾക്ക് എത്ര നാളുകൾക്കുള്ളിൽ ലൈസൻസ് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ | സി) | സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ട് അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുവാനായി ജില്ലാതലത്തിലും സംസ്ഥാനതല |

| | | | |
|---|---|---|---|
| | എന്തെല്ലാം? | | ത്തിലുമുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിൽ ലഭിക്കുന്ന അപേക്ഷ 60 ദിവസത്തിനകം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾക്ക് അയച്ചുകൊടുക്കുന്നു. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ശുപാർശ ലഭിച്ച് നിശ്ചിത ദിവസത്തിനകം തീരുമാനം കൈക്കൊണ്ടിട്ടില്ലെങ്കിൽ ഡീംഡ് സർട്ടിഫിക്കറ്റ് നൽകാൻ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിന് അധികാരമുണ്ട്.<br><br>നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സെന്റർ കെ.എസ്.ഐ.ഡി.സി യിൽ പ്രവർത്തനം ആരംഭിക്കും. ഈ സംവിധാനം ജില്ലാതലത്തിൽ പ്രാവർത്തികമാക്കുന്നതിന് ജില്ലാകളക്ടർ തലവനായി ഒരു സ്ഥിരം ജില്ലാ സമിതിയും രൂപീകരിക്കുന്നതാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷാ ഫാറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാ ഫാറം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**